പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2568 | 09-05-2017-ലെ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിൽ കൃഷി നിർത്തണമെന്ന നിർദേശം പാലിച്ച കർഷകർക്കുള്ള അധിക സഹായം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. കൃഷ്ണൻകുട്ടി** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** ഈ വർഷത്തെ കൊടും വരൾച്ച മുന്നിൽകണ്ട് പാലക്കാട് ജില്ലയിൽ ജില്ലാ കൃഷി അധികാരിയും ജില്ല കളക്ടറും കർഷകരോട് കൃഷി ചെയ്യുന്നത് തത്കാലം നിർത്തി വെയ്ക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് ഒട്ടനവധി കർഷകർ കൃഷി വേണ്ടന്ന് വെക്കുകയും അത് അവർക്ക് അടുത്ത വിളയിറക്കാൻ പറ്റാത്ത അവസ്ഥയുണ്ടാകുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കർഷകർക്ക് അടുത്ത വിളയിറക്കാൻ എന്തൊക്കെ അധിക സഹായങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; | **(എ)** ഉണ്ട്. കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിന് ആവശ്യമായ വിത്ത് സൗജന്യമായി പ്രത്യേക പദ്ധതി പ്രകാരം നൽകുന്നതാണ്. കൂടാതെ അടുത്ത വിളയ്ക്കായി വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളതും നടപ്പിലാക്കിവരുന്നതുമായ എല്ലാ സഹായങ്ങളും കർഷകർക്ക് നൽകുന്നതാണ്. |
| **(ബി)** വരൾച്ച ബാധിച്ച നെൽ കർഷകർക്ക് ഏക്കറിന് 48500 രൂപ നൽകുമെന്ന രീതിയിൽ പ്രധാന പത്രങ്ങളിൽ വന്ന വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള സഹായത്തെപ്പറ്റി കൂടുതൽ വ്യക്തമാക്കാമോ; | **(ബി)** പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെൽകൃഷിയ്ക്ക് നഷ്ടപരിഹാര തുക ഹെക്ടറിന് 35,000/- രൂപയായി പുനർ നിശ്ചയിച്ചിട്ടുണ്ട്. പുതുതായി ഇൻഷ്വർ ചെയ്യുന്ന കർഷകർക്ക് ഈ തുക ലഭിക്കുന്നതാണ്. 22-03-2017-ന് മുമ്പ് പദ്ധതിയിൽ ചേർന്നവർക്ക് 15,000/- രൂപയാണ് ലഭിക്കുക. ഇതു കൂടാതെ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന് ദുരന്ത നിവാരണ പദ്ധതി പ്രകാരം ഹെക്ടറിന് 13,500/- രൂപയും ലഭിക്കുന്നതാണ്. |
| **(സി)** ഈ സഹായം എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ? | **(സി)** പദ്ധതി വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി നഷ്ടം തിട്ടപ്പെടുത്തി എത്രയും വേഗത്തിൽ ഇൻഷ്വറൻസ് പരിരക്ഷകൾ നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**